25/10/2024

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/10/2024

1. ഫെഡറേഷൻ ഓഫ് ഇൻഡിജീനസ് എപ്പിക്കൾച്ചറിസ്റ്റ്സ്. ഫെഡറേഷൻ്റെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നബാർഡ്, കാസർഗോഡ് കൃഷി വിജ്ഞാന കേന്ദ്രം, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള കാർഷിക സർവ്വ കലാശാല, കൃഷി വകുപ്പ്, എന്നിവരുടെ സഹകരണത്തോടെ ദേശീയ തലത്തിലുള്ള തേനീച്ച കർഷക സംഗമവും തേനുത്സവവും ഇന്നും നാളെയുമായി (2024 ഒക്ടോബർ 25 മുതൽ 26 വരെ) കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നു. കാസർഗോഡ് എം.പി. രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം നിർവ്വഹിക്കും. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. കെ. ബാലചന്ദ്ര ഹെബാർ അദ്ധ്യക്ഷത വഹിക്കും. ഇതോടനുബന്ധിച്ച് തേനീച്ച കർഷക സംഗമം, മുഖാമുഖം, പരിശീലന പരിപാടികൾ തേൻ/ഉത്പ്പന്നങ്ങൾ പ്രദർശനവും വില്പനയും എന്നിവ ഉണ്ടായിരിക്കുന്നതാണ്.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിവിധ പച്ചക്കറി വിളകളായ വഴുതന, പാവൽ, കമ്പളങ്ങ, പയർ, വെള്ളരി, തണ്ണിമത്തൻ, പടവലങ്ങ, വെണ്ട എന്നിവയുടെ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. ഫോൺ - 9400483754

3. കണ്ണൂർ ജില്ലാ പഞ്ചായത്ത് 14-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലുമ്മക്കായ കൃഷി ചെയ്യാൻ ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, കർഷക കൂട്ടായ്മകൾ എന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മുള കൊണ്ട് 5 x 5 മീറ്റർ വിസ്തീർണമുള്ള റാക്ക് നിർമ്മിച്ച് കല്ലുമ്മക്കായ കൃഷി ചെയ്യുന്നതിനായി 15,000 രൂപയാണ് യൂനിറ്റ് കോസ്റ്റ്. ജനറൽ വിഭാഗത്തിൻ 40 ശതമാനവും (പരമാവധി 6000 രൂപയും), എസ് സി വിഭാഗത്തിന് 75ശതമാനവും (പരമാവധി 11,250 രൂപയും) എസ് ടി വിഭാഗത്തിന് 100 ശതമാനവും സബ്സിഡി അനുവദിക്കും. അപേക്ഷകൾ നവംബർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രണ്ടിനകം തലശ്ശേരി, കണ്ണൂർ, അഴീക്കോട്, മാടായി മത്സ്യഭവനുകളിൽ ലഭിക്കും. ഫോൺ: 0497 2731081

4. റബ്ബർ ബോർഡ് റബ്ബർ ടാപ്പിങ്ങിൽ പുനലൂർ മാവിള അരിപ്പാച്ചിയിലെ കേന്ദ്രത്തിൽ പരിശീലനം നൽകുന്നു. 18നും 59നും മധ്യേ പ്രായമുള്ള എഴുത്തും വായനയും അറിയാവുന്നവർക്ക് അപേക്ഷിക്കാം. പ്രായം തെളിയിക്കുന്ന രേഖകളുമായി പരിശീലന കേന്ദ്രത്തിലോ പുനലൂരിലെ റീജണൽ ഓഫീസിലോ ഹാജരാകണം. ഫോൺ: 9496431140, 9846563349.

5. കേരസുരക്ഷ നവംബർ 15 വരെ നാളികേരള വികസന ബോർഡിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നവംബർ 15 വരെ സമർപ്പിക്കാം. 94 രൂപയാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എക്സ്റ്റെൻഷൻ 104 എന്ന നമ്പറിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗവുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ സെന്റർ ഫോർ ഈ ലേണിങ്ങിൽ post harvest management and marketing of fruits and vegetables എന്ന വിഷയത്തിൽ ആറുമാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് കോഴ്സ് നവംബർ 12 ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനായി WWW.CELKAU.IN എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 8547 8372 6, 0487 2438567 എന്നീ ഫോൺ നമ്പറുകളിലോ celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി നവംബർ 11 .

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'കൃഷി അനുബന്ധ മേഖലകളിലെ പദ്ധതി രൂപരേഖ തയ്യാറാക്കൽ '(Detailed project report preparation on Agriculture and allied subjects) എന്ന വിഷയത്തിൽ 2024 ഒക്ടോബർ 29ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽരജിസ്റ്റർചെയ്യേണ്ടതാണ്.

8. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഒക്ടോബർ 29, 30 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9388834424, 9446453247** എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

9. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീം ഒക്ടോബർ 26 ശനിയാഴ്ച **ഓർക്കിഡ്-ആന്തൂറിയം കൃഷി** എന്ന വിഷയത്തിലും, ഒക്ടോബർ 29 ചൊവ്വാഴ്ച **ശാസ്ത്രീയ പച്ചക്കറി കൃഷി** എന്ന വിഷയത്തിലും ഏകദിന പരിശീലനങ്ങൾ നൽകുന്നു. രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയാണ് ക്ലാസുകൾ. 500 രൂപയാണ് ഒരു ദിവസത്തെ ഫീസ്. ഒരാൾക്ക് തന്നെ രണ്ട് പരിശീലന പരിപാടികളിലും പങ്കെടുക്കാവുന്നതാണ്. ഓരോന്നിലും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം